അതുകൊണ്ട് ആ ഷാപ്പ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ഗവൺമെന്റിൽ പണം അടച്ച് കാത്തിരിക്കുകയാണ്. പാവപ്പെട്ട കുടുംബങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് ഞാനിതു പറയുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികളെടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ആ പ്രദേശത്തെ ആളുകൾക്ക് ശക്തമായ എതിർപ്പുണ്ട്. കഴിഞ്ഞ തവണ തന്നെ മാർച്ച് 31 വരെ പോലീസ് പ്രൊട്ടക്ഷനിലാണ് ഷാപ്പ് നടത്തിയത്. പോലീസ് പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ട് ഒരു കള്ളുഷാപ്പ് നടത്താൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇനിയും ലൈസൻസ് പുതുക്കുമ്പോൾ ആ സ്ഥലത്തുനിന്ന് മാറ്റി അതിന്റെ പരിധിയിൽത്തന്നെ വേറെ ഏതെങ്കിലും പ്രദേശത്തേക്ക് മാറ്റണം എന്നു പറഞ്ഞ് ജൂൺ മുപ്പതുവരെ നീട്ടിക്കൊടുത്തു. അവർ അതിന് തയ്യാറായില്ല. സ്ഥലം മാറ്റാത്തതുകൊണ്ട് പുതുക്കിക്കൊടുത്തില്ല. അവർ കോടതിയിൽ പോയി. ഹൈക്കോടതി കുറേ ദിവസംകൂടി കൊടുത്തു, ജൂലൈ 17 വരെ; അതിനുശേഷം ഇല്ല. ഒരു പള്ളിക്കൂടത്തിനുവേണ്ടിയോ ദേവാലയത്തിനുവേണ്ടിയോ ആണെങ്കിൽ പത്ത് പേരെ അടിക്കാനോ, അറസ്റ്റുചെയ്യാനോ സർക്കാരിന് മടിയില്ല. ഒരു കള്ളുഷാപ്പ് നടത്താൻവേണ്ടി പോലീസിനെ ഉപയോഗിക്കാൻ ഗവൺമെന്റിന് ആഗ്രഹമില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് ആ കള്ളുഷാപ്പ് അവിടെനിന്ന് മാറ്റി ജനങ്ങൾക്ക് എതിർപ്പില്ലാത്ത എവിടെയെങ്കിലും ഇട്ടാൽ നന്നായിരിക്കും.

(10) കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ അഭാവം

ശ്രീ. പി. ജയരാജൻ: സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രി താലൂക്കാശുപത്രിയുടെ ഗുണം കിട്ടുന്ന ആശുപത്രിയാണ്. നൂറുകണക്കിന് രോഗികളാണ് അവിടെ വരുന്നത്. അവിടെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി പേയിംഗ് ഫാർമസി ഏർപ്പെടുത്തിയതിനാൽ ചുരുങ്ങിയ നിരക്കിൽ മരുന്ന് കിട്ടിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് പത്ത് ലക്ഷത്തോളം രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

മരുന്നാണ് ഒരു വർഷത്തിൽ അവിടെനിന്ന് ജനങ്ങൾ വാങ്ങുന്നത്. വിലയുടെ വലിയ വ്യത്യാസംകൊണ്ട് പലരും ഇപ്പോൾ കുത്തുപറമ്പ് ആശുപത്രിയെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, അവിടെ വരുന്ന രോഗികളെ നിരാശരാക്കുന്ന അനുഭവമാണിപ്പോൾ ഉള്ളത്. അവിടെ ഉണ്ടായിരുന്ന ഗൈനക്കോളജിസ്റ്റിനെ മാറ്റി നിയമിച്ചു. ഗൈനക്കോളജിസ്റ്റിനെ നിയമിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ടു തവണ കത്ത് നൽകിയതാണ്. ഇന്നയിന്ന ഡോക്ടർമാർക്ക് അങ്ങോട്ട് ട്രാൻസ്ഫർ നൽകണമെന്നതടക്കം പറഞ്ഞിട്ടും നടപടിയുണ്ടായില്ല. കഴിഞ്ഞ ദിവസം പി.പി.എസ്. യൂണിറ്റ് കെട്ടിടം ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട മന്ത്രി വരുമെന്ന് പ്രതീക്ഷിച്ചിരുന്ന ആൾക്കാർ നിരാശരായി, അദ്ദേഹം അത്യാവശ്യ കാരണങ്ങളാൽ എത്തിയില്ല. ആ സന്ദർഭത്തിൽ നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് സങ്കടം ഉണർത്തിക്കാമല്ലോ; അപ്പോൾ എന്തെങ്കിലും പ്രഖ്യാപനമുണ്ടാവും എന്ന് പ്രതീക്ഷിച്ചിരുന്ന ജനങ്ങൾ നിരാശരായി. ജനങ്ങളുടെ വികാരം മാനിച്ച് കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ അടിയന്തിരമായി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കുത്തുപറമ്പ് ഗവൺമെന്റാശുപത്രിയിൽ 105 കിടക്കകൾ ഉണ്ട്. അവിടെ രണ്ട് സിവിൽ സർജൻമാരുടെ ഒഴിവുണ്ട്. ഒരു സിവിൽ സർജൻ 1-8-2005 മുതൽ ലീവാണ്. അതുകൊണ്ടാണ് ഒരു ഒഴിവുണ്ടായത്. അദ്ദേഹം 31-8-2005-ൽ റിട്ടയർ ചെയ്യുകയാണ്. മറ്റൊരാൾ തലശ്ശേരി ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ആയി. അദ്ദേഹം ജനറൽ ട്രാൻസ്ഫറിലാണ് മാറിയത്. അത് ഗവൺമെന്റ് നിയന്ത്രണത്തിൽ വരുന്നതല്ല. കാരണം, ജനറൽ ട്രാൻസ്ഫർ നടത്തുന്നത് norms വച്ചിട്ടാണ്. Norms-ന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ട്രാൻസ്ഫറിന് അപ്ലൈ ചെയ്തു; ട്രാൻസ്ഫർ കിട്ടി തലശ്ശേരിയിലേക്ക് സ്ഥലം മാറിപ്പോയി. അങ്ങനെയാണ് ഗൈനക്കോളജിസ്റ്റിന്റെ ഒഴിവുണ്ടായത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. താമസിയാതെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly